(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ 22.848 കിമി. നീളത്തിൽ പുതിയ കടൽഭിത്തിയും 35 പുലിമുട്ടുകളും പൂർത്തിയാക്കിയിട്ടുണ്ട്.

(ഡി) ഇനിയും കടലാക്രമണം തടയുന്നതിനായി വിവിധ സ്ഥലങ്ങളിലായി സംസ്ഥാനമൊട്ടാകെ 80 കി.മീ. നീളത്തിൽ കടൽഭിത്തി നിർമ്മിക്കുവാനുണ്ട്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രധാനമായും 12-ാം ധനകാര്യകമ്മീഷൻ അവാർഡ്, സുനാമി പുനരധിവാസ പദ്ധതി, ഗംഗതട സംസ്ഥാനങ്ങൾ ഒഴികെയുള്ള സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര സർക്കാർ സഹായത്തോടെയുള്ള അടിയന്തര കടലാക്രമണ പ്രതിരോധ പദ്ധതി എന്നീ സ്കീമുകളിൽപ്പെടുത്തിയാണ് കടൽഭിത്തിയുടെ നിർമ്മാണവും പുനരുദ്ധാരണവും പുലിമുട്ടുകളുടെ നിർമ്മാണവും പൂർത്തിയാക്കിയത്. മേൽ സ്കീമുകളിലെല്ലാം കൂടി ആകെ 22.848കി.മീ. നീളത്തിൽ പുതിയ കടൽഭിത്തിയുടെ പുനരുദ്ധാരണവും പൂർത്തിയാക്കി. കൂടാതെ 35 പുലിമുട്ടുകളും നിർമ്മിച്ചു. ഇവയ്ക്കെല്ലാമായി ആകെ 285.79 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

പണികൾ സ്തംഭിക്കുന്നതിനെതിരെ നടപടി

57 (2155) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലവിഭവ വകുപ്പിൽ കരാറുകാർക്ക് പേമെന്റ് കുടിശ്ശിക നൽകാത്തതുമൂലം പണികൾ സ്തംഭിക്കുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കരാറുകാർക്ക് കുടിശ്ശിക ഇനത്തിൽ നവംബർ 30 വരെ എത്ര തുക നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഈ കുടിശ്ശിക എന്നത്തേക്ക് കൊടുത്തു തീർക്കാനാകും എന്ന് വ്യക്തമാക്കുമോ ;

(ഡി) മുടങ്ങിക്കിടക്കുന്ന പണികൾ എത്രയും വേഗം പുനരാരംഭിക്കുന്നതിനും പൂർത്തിയാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി ഒഴികെ ജലവിഭവ വകുപ്പിൽ കരാറുകാർക്ക് പേമെന്റ് കുടിശ്ശിക നൽകാത്തതുമൂലം പണികൾ സ്തംഭിക്കുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ താഴെപ്പറയുന്ന പ്രകാരമാണ്.

ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി. (61,87,750 രൂപ)

ചീഫ് എഞ്ചിനീയർ പ്രോജക്ട് -1 (10,55,00,000) രൂപ

ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)- (21,21,28,301 രൂപ)

LIBRARY ARCHIVES Kerala Legislative Assembly

കേരള വാട്ടർ അതോറിറ്റി (37,54,00,000 രൂപ)

ചീഫ് എഞ്ചിനീയർ പ്രോജക്ട് -2 (4,58,81,387 രൂപ)- ആകെ കുടിശ്ശിക തുക (74,50,97,438 രൂപ)

(സി) കുടിശ്ശിക കൊടുത്തു തീർക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ആവശ്യമായ നടപടി സ്വികരിക്കുന്നതാണ്.

തണ്ണീർമുക്കം ബണ്ടിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ

58 (2156) ശ്രീ. ഡൊമനിക് പ്രസന്റേഷൻ :

ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തണ്ണീർമുക്കം ബണ്ട് പൂർണ്ണമായും ഷട്ടറുകളുടെ അടിസ്ഥാനത്തിൽ പുനരുദ്ധരിക്കുന്നത് സംബന്ധിച്ചുള്ള ചെന്നൈ ഐ.ഐ.ടി.യുടെ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ എന്തൊക്കെയായിരുന്നു ;

(ബി) ഇതനുസരിച്ച് തണ്ണീർമുക്കം ബണ്ടിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ ; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) തണ്ണീർമുക്കം ബണ്ട് പൂർണ്ണമായും ഷട്ടറുകളുടെ അടിസ്ഥാനത്തിൽ പുനരുദ്ധരിക്കുന്നത് സംബന്ധിച്ച് ചെന്നൈ ഐ.ഐ.റ്റി. യുടെ റിപ്പോർട്ട് ഇതുവരെ ലഭിച്ചിട്ടില്ല. പഠനം നടത്തി റിപ്പോർട്ട് നൽകാൻ 2011 ഫെബ്രുവരി വരെ സമയം നൽകിയിട്ടുണ്ട്.

ഡാമിൽ നിന്നുള്ള അനധികൃത മണൽവാരൽ

59 (2157) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കണ്ണൂർ ജില്ലയിലെ കാട്ടാമ്പള്ളി ഡാമിൽ നിന്നും അനധികൃതമായി മണൽ വാരി വില്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധമായി എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ : ഉണ്ടെങ്കിൽ ' വിശദാംശം അറിയിക്കുമോ ;

(സി) മണൽവാരൽ തടയുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കാട്ടാമ്പള്ളി ഡാമിൽ നിന്നും അനധികൃതമായി മണൽ വാരുന്നത് ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly